

FRIDAY 20/06/2025 വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: SINDHU. KS Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 20/06/2025

1. കേരള കാർഷിക സർവകലാശാലയുടെ ബിരുദദാന ചടങ്ങ് "Convocation – 2024" **ജൂൺ 26, 2025** തീയതിയിൽ ഉച്ചയ്ക്ക് 2 **മണിയ്ക്ക്** തൃശ്ശൂർ പുഴയ്ക്കലിലുള്ള **ഹയാത്ത് റീജൻസിയിൽ** വെച്ച് നടത്തുന്നു. അഗ്രിക്കൾച്ചർ, ഫോറസ്റ്റി, എഞ്ചിനീയറിങ്ങ് എന്നീ 3 ഫാക്കൽറ്റികളിൽ നിന്ന് ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം, പി എച്ച് ഡി വിദ്യാർത്ഥികൾ **കേരള ഗവർണർ ശ്രീ. രാജേന്ദ്ര വിശ്വനാഥ അർലേക്കറിൽ** നിന്ന് ബിരുദം ഏറ്റുവാങ്ങുന്ന ചടങ്ങിൽ കൃഷി വകുപ്പ് മന്ത്രിയും, കേരള കാർഷിക സർവകലാശാല പ്രോ-ചാൻസലറുമായ പി പ്രസാദ് അവർകൾ അദ്ധ്യക്ഷത വഹിക്കുകയും, റവന്യൂ വകുപ്പ് മന്ത്രി അഡ്വ. കെ രാജൻ അവർകൾ മുഖ്യപ്രഭാഷണം നടത്തുകയും ചെയ്യുന്നു.പ്രസ്തുത ചടങ്ങിൽ വെച്ച്ഡോ. കടമ്പാട്ട് എച്ച് എം സിദ്ദിഖ് (Hacket Professor of Agriculture, Chair and Director, University of Western Australia), പോൾ തോമസ് (മാനേജിങ്ങ് ഡയറക്ടർ &ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഇസാഫ് ഗ്രൂപ്പ്)എന്നിവർക്ക് **ഹോണററി ഡോക്ടറേറ്റ്** ബിരുദം കേരള ഗവർണർ സമ്മാനിക്കുന്നു.

2. കേരള കാർഷിക സർവ്വകലാശാലയും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ മാനേജ്മെന്റ് (MANAGE), ഹൈദരാബാദും സംയുക്തമായി, ഇന്ന് (ജൂൺ 20 ന്) കേരള കാർഷിക സർവ്വകലാശാലയിൽ വച്ച് സംരംഭക- നിക്ഷേപക കൂട്ടായ്മ സംഘടിപ്പിക്കുന്നു. സംരംഭകരേയും നിക്ഷേപകരേയും സംരഭകത്വ വികസന മേഖലയിലെ വിദഗ്ധരേയും അണിനിരത്തി സംഘടിപ്പിക്കുന്ന ഏകദിന കൂട്ടായ്മയുടെ ഉദ്ഘാടനം, കേരള കാർഷിക സർവ്വകലാശാല വൈസ്ചാൻസലറും കാർഷിക ഉത്പാദന കമ്മീഷ്ണറുമായ ഡോ. ബി. അശോക്, ഐ.എ.എസ് നിർവ്വഹിക്കും. കേരളത്തിലെ കാർഷിക സംരംഭകത്വ

വികസനത്തിനായി സംരംഭകരുടേയും നിക്ഷേപകരുടേയും സഹകരണവും പങ്കാളിത്തവും പ്രോത്സാഹിപ്പിക്കുക എന്നതാണ് പരിപാടിയിലൂടെ ലക്ഷ്യം വെക്കുന്നത്. MANAGE, ഹൈദരാബാദ് ഡയറക്ടർ ഡോ ശരവണൻ രാജ് പരിപാടിയിൽ മുഖ്യപ്രഭാഷണം നടത്തും. പരിപാടിയോടനുബന്ധിച്ച് കേരളത്തിലെ നിലവിലെ സ്റ്റാർട്ടപ്പ് ഇൻക്യൂബേഷൻ പരിതസ്ഥിതികൾ ഉത്പാദന, വിളവെടുപ്പാനന്തര മേഖലകളിലെ നൂതനത്വം എന്നിവ ആസ്പദമാക്കി പാനൽ ചർച്ചകളും സംരംഭകരുടെ ഉൽപ്പന്ന പ്രദർശനവും അരങ്ങേറും. വിദഗ്ധരുമായുള്ള സംവാദം, നെറ്റ്‌വർക്കിങ്ങ് എന്നിവ വഴി സ്റ്റാർട്ടപ്പുകൾക്ക് അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിനും അതുവഴി കേരളത്തിലെ സംരംഭകത്വ വികസനത്തിനും ഈ കൂട്ടായ്മ മുതൽക്കൂട്ടാകുമെന്ന് പരിപാടിയുടെ നോഡൽ ഓഫീസറും കാർഷിക സർവ്വകലാശാല അഗ്രി ബിസിനസ്സ് ഇൻക്യൂബേറ്റർ മേധാവിയുമായ ഡോ കെപി സുധീർ അറിയിച്ചു

3. കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി (കെ.വി.എ.എസ്.യു) ഇ-ടെൻഡറുകൾ ക്ഷണിക്കുന്നു. ലബോറട്ടറി കെമിക്കൽസ്, ക്രോമാറ്റോഗ്രാഫിക് ലായകങ്ങൾ/സ്റ്റാൻഡേർഡുകൾ/ആക്സസറികൾ, മോളിക്യുലാർ ബയോളജി ഉൽപ്പന്നങ്ങൾ, ലാബ് ഗ്ലാസ് വെയർ/പ്ലാസ്റ്റിക് വെയർ, ഡയഗ്നോസ്റ്റിക് കിറ്റുകൾ, കൾച്ചർ മീഡിയ, സീക്വൻസിങ്ങ് സർവീസസ്, ഫിൽട്ടറുകൾ, ഉയർന്ന ശുദ്ധിയുള്ള വാതകങ്ങൾ (2025-26 റണ്ണിംഗ് കോൺട്രാക്റ്റ്) എന്നിവയുടെ വിതരണത്തിനായി അഖിലേന്ത്യാ വിൽപ്പന ശൃംഖലയുള്ള രജിസ്റ്റർ ചെയ്ത നിർമ്മാതാക്കളിൽ നിന്നും വിതരണക്കാരിൽ നിന്നും ഇ-ടെൻഡറുകൾ ക്ഷണിക്കുന്നു.

(ജിഎസ്ടി & www.etenders.kerala.gov.in രജിസ്ട്രേഷനോടെ.) വിശദാംശങ്ങൾക്ക് www.etenders.kerala.gov.inസന്ദർശിക്കുക:(ടെൻഡർ ഐഡി: 2025_KVASU_767659_1 തീയതി 03.06.2025)

ഓൺലൈൻ ബിഡ് സമർപ്പണം 24/06/2025. 5.00 PM
ഹാർഡ്കോപ്പി സമർപ്പണം 23/06/2025. 5.00 PM

4. കേരള കാർഷിക സർവകലാശാലയുടെ വിവിധ ക്യാമ്പസുകളിൽ 2025-26 അധ്യയന വർഷത്തിലെ ബി.എസ് സി. (ഹോണേഴ്സ്) അഗ്രികൾച്ചർ, ബി.എസ്.സി. (ഹോണേഴ്സ്) ഹോർട്ടികൾച്ചർ, ബി.ടെക് അഗ്രികൾച്ചർ എഞ്ചിനീയറിംഗ് (ആർ എഫ് മോഡ്) പ്രോഗ്രാമുകളിലേക്ക് പ്രവേശനത്തിന് യോഗ്യരായ അപേക്ഷാർത്ഥികളിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു. വിശദവിവരങ്ങൾക്കും, അപേക്ഷ സമർപ്പിക്കുന്നതിനും www.admissions.kau.in എന്ന സർവകലാശാല വെബ്പോർട്ടൽ സന്ദർശിക്കുക. അപേക്ഷകർ സമർപ്പിക്കാനുള്ള അവസാന തിയതി 30.06.2025. അന്വേഷണങ്ങൾക്ക് 0487-243-8139 എന്ന നമ്പറിൽ (രാവിലെ 10 മുതൽ വൈകീട്ട് 5 വരെ) ബന്ധപ്പെടാവുന്നതാണ്.

5. കുടുംബശ്രീയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന കേരള ചിക്കൻ ഫാമുകൾ തുടങ്ങാൻ അവസരം. സ്വന്തമായി ബ്രോയിലർ ഫാം ഷെഡ് ഉള്ളവർക്കും ബ്രോയിലർ കോഴി ഫാം നടത്തുന്ന കുടുംബശ്രീ അംഗങ്ങൾക്കും ഓക്സിലറി ഗ്രൂപ്പ് അംഗങ്ങൾക്കും അംഗമാകാം. കുടുംബശ്രീ ബ്രോയിലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി നടപ്പാക്കുന്ന കേരള ചിക്കൻ പദ്ധതിയിൽ ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞ്, തീറ്റ, മരുന്ന്

എന്നിവ കമ്പനി നൽകും. വളർച്ചയെത്തി 45 ദിവസത്തിനുള്ളിൽ കമ്പനി കുടുംബശ്രീയുടെ ഔട്ട്ല കൾ വഴി ഇറച്ചിക്കോഴി വിപണനം നടത്തും. ഫാമുകൾ ആരംഭിക്കുന്നതിന് കുടുംബശ്രീ അംഗങ്ങൾക്ക് പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ സിഡിഎസുകൾ വഴി അപേക്ഷിക്കാം. കുടുംബശ്രീയിൽ നിന്ന് ഒന്നരലക്ഷം രൂപവരെ ലോൺ അനുവദിക്കും.

6. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കര CPBMB കോളേജിൽ താഴെ പറയുന്ന ടിഷ്യു കൾച്ചർ തൈകൾ വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. വാഴ (ഗ്രാൻഡ് നൈൻ) 20 രൂപ ഇഞ്ചി മൈക്രോറൈസോം (ആതിര) 5 രൂപ കൂടുതൽ വിവരങ്ങൾക്കായി 9048178101, 9747154013 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

## പ രിശീലന പരിപാടി

7. പാൽ ഉല്പാദന പരിശീലന പരിപാടി ഓച്ചിറ ക്ഷീരോൽപന്ന നിർമാണ പരിശീലന വികസന കേന്ദ്രത്തിൽ ജൂൺ 25, 26 തീയതികളിൽ 'സുരക്ഷിതമായ പാൽ ഉല്പാദന പരിശീലന പരിപാടി സംഘടിപ്പിക്കും. ഓച്ചിറ ക്ഷീരപരിശീലന കേന്ദ്രം ആലപ്പുഴ, കൊല്ലം ഡെപ്യൂട്ടി ഡയറക്ടർമാർ, അതാത് ബ്ലോക്ക് 5 ക്ഷീരവികസന ക്ഷീര ഓഫീസർമാർ മുഖേന രജിസ്റ്റർ ചെയ്യാം. കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ഓഫ് ലൈനായി പരിശീലനത്തിൽ പങ്കെടുത്തവർക്ക് അവസരമില്ല. ജൂൺ 23-ന് വൈകിട്ട് 5 മണിക്ക് മുമ്പായി 8089391209, 0476 2698550 നമ്പരുകളിൽ പേര് രജിസ്റ്റർ ചെയ്യണം. ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പും ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ

പകർപ്പും ഹാജരാക്കണം. രജിസ്ട്രേഷൻ ഫീസ് 20 രൂപ.അർഹമായ യാത്രാബത്തയും ദിനബത്തയും നൽകും.

8. കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ തിരുവനന്തപുരം കൈമനം ബി.എസ്.എൻ.എൽ. – ആർ.ടി.ടി.സി. ക്യാമ്പസിലുള്ള കോളേജ് ഓഫ് ഡെയറി സയൻസ് ആന്റ് ടെക്നോളജിയിൽ സംരംഭകർക്കും, ക്ഷീര മേഖലയിൽ പ്രവർത്തിക്കുന്നവർക്കും മറ്റുള്ളവർക്കുമായി പാലുല്പന്നങ്ങൾ, പ്രോബയോട്ടിക് ഉൽപ്പന്നങ്ങൾ, ബേക്കറി ഉൽപ്പന്നങ്ങൾ എന്നിവയുടെ നിർമ്മാണ പരിശീലന പരിപാടി 2025 ജൂലൈ 9 മുതൽ 11 വരെ നടത്തുന്നുണ്ട്. താൽപര്യമുള്ളവർ 6238754712, 9497849625 എന്നീ നമ്പരുകളിൽ വിശദ വിവരങ്ങൾക്കായി ബന്ധപ്പെടുക.

**കാർഷിക നിർദേശം**

9. **തെങ്ങിനെ ബാധിക്കുന്ന കുമിൾരോഗങ്ങൾ**

ചെന്നീരൊലിപ്പ് ബാധിച്ച തെങ്ങിന് 5 കിലോഗ്രാംവീതം വേപ്പിൻ പിണ്ണാക്ക് ചേർത്ത് കൊടുക്കുന്നത് നല്ലതാണ്. ഈ രോഗത്തിന്റെ നിയന്ത്രണത്തിനായി കറ ഒലിക്കുന്ന ഭാഗത്തെ തൊലിചെത്തി മാറ്റി ഉരുക്കിയടാറോ, ബോർഡോ കുഴമ്പോ തേയ്ക്കുക. കാറ്റുവീഴ്ച്ച ബാധിച്ച തെങ്ങിൻ തോട്ടങ്ങളിൽ കൂമ്പു ചീയൽ രോഗവും സാധാരണകാണാറുണ്ട് കൂമ്പുചീയൽ രോഗത്തിന്റെ നിയന്ത്രണത്തിനായി നടുനാമ്പിന്റെ അഴുകിത്തുടങ്ങിയ ഭാഗം ചെത്തി മാറ്റി തീയിട്ട് നശിപ്പിക്കുകയും പിന്നീട്ബോർഡോ കുഴമ്പ് പുരട്ടി വെള്ളം ഇറങ്ങാത്തവിധം മൺചട്ടികൊണ്ട്

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

മൂടിവയ്ക്കുകയുംചെയ്യുക. കൂടാതെ ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രീതം തെങ്ങോലകളിൽ തളിച്ചുകൊടുക്കുകയുംവേണം തെങ്ങുകളിൽ ചെമ്പൻ ചെല്ലിയുടെ ആക്രമണത്തിന് പ്രതിരോധ നടപടിയായി ഇമിഡോക്ലോപ്രിഡ് മില്ലി ഒരുലിറ്റർ വെള്ളത്തിൽ കലക്കി കുമ്പിൽ ഒഴിച്ചുകൊടുക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം